**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3024** **18-03-2022 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടിയിലെ കുടിവെള്ള ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ ജലവിഭവ വകുപ്പ് നിലവിൽ ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) | അഗളി, പുതൂർ, ഷോളയൂർ ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്രകുടിവെള്ളപദ്ധതിയുടെ ഒന്നാം ഘട്ടമായി NABARD RIDF XXIII ൽ ഉൾപ്പെടുത്തി 2017-18 വർഷത്തിൽ 2500 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നല്കി. അട്ടപ്പാടി മേഖലയിൽ 2050ൽ പ്രതീക്ഷിക്കപ്പെടുന്ന ജനസംഖ്യയായ 84813 പേർക്ക് പ്രതിദിനം ആളോഹരി 100 ലിറ്റർ നിരക്കിൽ കുടിവെള്ളം നല്കുന്ന വിധത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. സ്ഥലം ലഭ്യമായ ഘടകങ്ങൾക്കാണ് ഒന്നാംഘട്ടത്തിൽ അനുമതി നല്കിയിരിക്കുന്നത്. ഇതിൽ ഭവാനിപ്പുഴ സ്രോതസ്സായി പുതൂർ പഞ്ചായത്തിൽ കിണർ, അഗളി പഞ്ചായത്തിലെ കാവുണ്ടിക്കലിൽ 12 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാല, തച്ചമലയിൽ ബൂസ്റ്റർ സ്റ്റേഷൻ, 400 എം.എം ഡി.ഐ.കെ.9 റോ വാട്ടർ പമ്പിംഗ് മെയിൻ- 6520 മീറ്റർ, അഗളിയിൽ നിലവിലുള്ള കൊട്ടമേട് ഭൂതല സംഭരണിയിലേക്ക് 250 എം.എം.ഡി.ഐ കെ-9 ക്ലിയർ വാട്ടർ ഗ്രാവിറ്റിമെയിൻ - 4545 മീറ്റർ, 180 എച്ച്.പി. വെർട്ടിക്കൽ ടർബൈൻ റോ വാട്ടർ പമ്പ് സെറ്റ് - 3 എണ്ണം, 175 എച്ച് പി. സെൻട്രിഫ്യൂഗൽ ക്ലിയർ വാട്ടർ പമ്പ് സെറ്റ്- 3 എണ്ണം, 500 കെ.വി.എ ട്രാൻസ്ഫോർമർ വൈദ്യുതീകരണ പ്രവൃത്തികൾ എന്നിവ ഉൾപ്പെടുന്നു. ഈ പദ്ധതി നിലവിൽ 75 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. ഇതുവരെ 902.57 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഒന്നാംഘട്ട പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറക്ക് പ്രതിദിനം 12 ദശലക്ഷം ലിറ്റർ ജലം ശുദ്ധീകരിക്കാനും ശുദ്ധീകരിച്ച ജലം അഗളി-കൊട്ടമേട് സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഭൂതലസംഭരണിയിൽ എത്തിച്ച് അവിടെ നിന്ന് നിലവിൽ അഗളി പഞ്ചായത്തിലെ റെസ്റ്റ്ഹൗസിന് സമീപവും ബസ്സ് സ്റ്റാൻഡിന് സമീപവും |

| | | | |
|---|---|---|---|
| | | | സ്ഥിതിചെയ്യുന്ന ജലസംഭരണികളിൽ ശേഖരിച്ച് നിലവിലുള്ള വിതരണശൃംഖലയുമായി ബന്ധിപ്പിച്ച് ഭാഗികമായി ജലവിതരണം നടത്തും. രണ്ടാംഘട്ടമായി ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി പുതൂർ, ഷോളയൂർ പഞ്ചായത്തുകൾക്കുള്ള ജലസംഭരണികൾ, അവയിലേക്കുള്ള ഗ്രാവിറ്റി മെയിനുകൾ, മൂന്ന് പഞ്ചായത്തുകളിലും വിതരണ ശൃംഖല, മൂന്നു പഞ്ചായത്തുകളിലുമായി 10,000 കുടിവെള്ള കണക്ഷനുകൾ എന്നീ ഘടകങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ഇതിനായി അഗളി പഞ്ചായത്തിലെ 3000 കുടിവെള്ള കണക്ഷനുകൾക്കായി 24.12.2020 ൽ 1350 ലക്ഷം രൂപയുടെ ഭരണാനുമതി നല്കി ടെണ്ടർ ചെയ്തെങ്കിലും ആരും പങ്കെടുത്തില്ല. കൂടാതെ അഗളി പഞ്ചായത്തിലെ 4000 കുടിവെള്ള കണക്ഷനുകൾക്കായി 23.02.2022 ൽ 7150.19 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഈ രണ്ടു ഘട്ടങ്ങളും ഒരുമിച്ച് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പുതൂർ, ഷോളയൂർ പഞ്ചായത്തുകളിലെ 2000, 1000 കണക്ഷനുകൾക്കായി യഥാക്രമം 5847.23 ലക്ഷം രൂപയുടെയും, 3619.81 ലക്ഷം രൂപയുടെയും ഭരണാനുമതി നല്കുന്നത് പരിഗണിച്ചു വരികയാണ്. |
| (ബി) | അട്ടപ്പാടിയിലെ വിദൂര പ്രദേശങ്ങളിലുള്ള ആദിവാസി ഊരുകളിൽ കുടിവെള്ളം എത്തിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (ബി) | അട്ടപ്പാടിയിലെ ജലലഭ്യതയില്ലാത്ത എല്ലാ ആദിവാസി ഊരുകളിലും കുടിവെള്ളം എത്തിക്കുന്നതിനായി ജലജീവൻ മിഷൻ പദ്ധതി ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ